# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.4950

22.05.2017-ൽ
മറുപടിക്ക്

## <u>സ്റ്റാമ്പ് ഡ്യൂട്ടി ഇളവ്</u>

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ.ജെയിംസ് മാത്യു** | | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) 08.10.1960 ലെ ജി.ഒ.(എം.എസ്) 795/60/അഗ്രി നമ്പർ പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അനുവദിച്ചത് കോ ഓപ്പറേറ്റീവ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങൾക്കാണോ അതോ സംഘങ്ങളിലെ അംഗങ്ങൾക്കാണോ യെന്ന് വിശദമാക്കുമോ; | എ) | 08.10.1960 ലെ ജി.ഒ.(എം.എസ്)795/60/അഗ്രി നമ്പർ ഉത്തരവ് പ്രകാരം സ്റ്റാമ്പ് ഡ്യൂട്ടിയിൽ ഇളവ് അനുവദിച്ചത് കോ-ഓപ്പറേറ്റീവ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ട സംഘങ്ങൾക്കാണ്. |
| ബി) രജിസ്റ്റർ ചെയ്യപ്പെട്ട സഹകരണ സംഘം, സംഘത്തിന്റെ ബിസിനസ്സ് സംബന്ധമായ ആവശ്യാർത്ഥം എഴുതി വാങ്ങുന്ന ആധാരങ്ങൾക്ക് പ്രസ്തുത ഉത്തരവ് പ്രകാരം അനുവദിച്ച സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നിർത്തലാക്കി, ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ജി.ഒ.(എം.എസ്) 795/60/അഗ്രി ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം നിഷേധിക്കപ്പെട്ടതായ പരാതികൾ ലഭിച്ചിട്ടുണ്ടോ; | ബി) യും സി) | 08.10.1960 ലെ ജി.ഒ.(എം.എസ്)795/60/അഗ്രി നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ച സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് നിർത്തലാക്കി ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. പ്രസ്തുത ഉത്തരവ് പ്രകാരമുള്ള ആനുകൂല്യം നിഷേധിക്കപ്പെട്ടതായ പരാതികൾ ലഭിച്ചിട്ടുണ്ട്. സഹകരണ സംഘങ്ങൾക്ക് മുദ്രയിളവ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട വിഷയം നിലവിൽ ബഹു.സുപ്രീം കോടതിയുടെ പരിഗണനയിലായതിനാൽ ബഹു.സുപ്രീം കോടതിയുടെ ഉത്തരവ് വന്നാൽ മാത്രമേ സഹകരണ സംഘങ്ങൾക്ക് ജി.ഒ.(എം.എസ്) 795/60/അഗ്രി നമ്പർ ഉത്തരവ് പ്രകാരം അനുവദിച്ചിട്ടുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് സംബന്ധിച്ച് അന്തിമതീരുമാനം കൈക്കൊള്ളുവാൻ സാധിക്കുകയുള്ളൂ. |
| സി) എങ്കിൽ 1960 ലെ പ്രസ്തുത ഉത്തരവ് റദ്ദാക്കുന്നതിനോ പുന:പരിശോധിക്കുന്നതിനോ ഉള്ള നിർദ്ദേശം രജിസ്ട്രേഷൻ വകുപ്പിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുണ്ടോ? | | |

**സെക്ഷൻ ഓഫീസർ**